ഖുത്ബ
5.10.2007
ബയ്ത്തുൽ ഫുത്തൂഹ്, ലണ്ടൻ

# അല്ലാഹു ദർശനത്തിലൂടെ ജമാഅത്തിന് വ്യാപനം നല്കുന്നു

يَا أَيُّهَا الَّذِينَ آمَنُوا اسْتَجِيبُوا لِلَّهِ
وَلِلرَّسُولِ إِذَا دَعَاكُمْ لِمَا يُحْيِيكُمْ
وَاعْلَمُوا أَنَّ اللَّهَ يَحُولُ بَيْنَ الْمَرْءِ
وَقَلْبِهِ وَأَنَّهُ إِلَيْهِ تُحْشَرُونَ

വിശ്വസിച്ചവരേ, നിങ്ങളെ ജീവിപ്പിക്കുന്നതിനു വേണ്ടി അല്ലാഹുവും റസൂലും വിളിക്കുമ്പോൾ അവരുടെ വിളിക്ക് നിങ്ങൾ ഉത്തരം നല്കുക. തീർച്ചയായും മനുഷ്യനും അവന്റെ ഹൃദയത്തിനുമിടയിൽ അല്ലാഹു മറയായി നില്ക്കുന്നുവെന്നും അവനിലേക്കാണ് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുന്നതെന്നുമുള്ള കാര്യം അറിയുക (8:25).

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ചേർന്നും ആ മഹാത്മാവിനെ മസീഹും മഹ്ദിയുമായി വിശ്വസിച്ചുംകൊണ്ട് യഥാർത്ഥത്തിൽ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും വിളിക്കുത്തരം നല്കിയവരിൽ തങ്ങൾ ഉൾപ്പെട്ടിരിക്കുകയാണെന്ന് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചവരും ജന്മനാ അഹ്മദിയ്യായിട്ടുള്ളവരുമായ ഓരോ അഹ്മദിക്കുമറിയാം. അവരു പ്രഖ്യാപനം ഇങ്ങനെയാണ്, ഖുർആനിൽ അല്ലാഹു വിവരിച്ചിട്ടുള്ള സർവ്വകല്പനകളിലും സകല പ്രവചനങ്ങളിലും ഞങ്ങൾ ഇന്ന് വിശ്വസിക്കുന്നു. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ ഖാത്തമുൽ അമ്പിയാഅ്(സ)യുടെ സകല പ്രവചനങ്ങളിലും പരിപൂർണമായും ഞങ്ങൾ വിശ്വസിക്കുന്നു. ഒരു പുതിയ ആത്മീയജീവിതം പ്രാപിക്കുന്നതിനുവേണ്ടി ഞങ്ങൾ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു. ഇതുകൂടാതെ ആരുടെയെങ്കിലും ബുദ്ധിയിൽ എന്തെങ്കിലും കാര്യം ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യെ സംബന്ധിച്ചുണ്ടെങ്കിൽ അവർ കളവ് പറയുന്നവരാണ്.

അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകൾ പാലിക്കുന്നതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒന്നാമതായി ബയ്അത്തിന്റെ നിബന്ധനകളിൽ വ്യക്തമായും വിവരിച്ചിട്ടുണ്ട്. അഹ്മദിയ്യത്ത് എന്ന് പറയുന്നതുതന്നെ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും (സ) കല്പനകൾക്കു വിധേയമാണ്. ബയ്അത്തിന്റെ മൂന്നാമത്തെ നിബന്ധനയായി പറയുന്നു: “അല്ലാഹുവിന്റേയും റസൂലിന്റേയും കല്പനകളനുസരിച്ച് അഞ്ചുനേര നമസ്കാരം വീഴ്ച കൂടാതെ നിർവ്വഹിക്കുകയും സാധ്യമാകുന്നിടത്തോളം തഹജ്ജുദ് നമസ്കാരം അനുഷ്ഠിക്കുന്നതും തിരുനബിയുടെമേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുന്നതുമാണ്.” അഞ്ചാമത്തെ നിബന്ധനയിൽ പറഞ്ഞു: “അല്ലാഹുവിനോട് കൂറുപുലർത്തുന്നതാണ്.” ആറാമത്തെ നിബന്ധനയിൽ പറയുന്നു: “വിശുദ്ധഖുർആന്റെ ഭരണത്തിന് പൂർണമായ നിലയിൽ വിധേയനായിരിക്കുന്നതാണ്. ‘ഖാലല്ലാഹു’ (ദൈവപ്രോക്തം)വും ‘ഖാലർറസൂൽ’ (നബിപ്രോക്തം) ഉം എല്ലാ ചലനങ്ങളിലും കർമ്മധർമ്മങ്ങളായി സ്വീകരിക്കുന്നതുമാകുന്നു.” അതായത്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ വിശ്വസിക്കുന്നതും, ആ മഹാത്മാവിന് ബയ്അത്ത് ചെയ്യുന്നതും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും(സ) കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നതും പുതിയ ആത്മീയജീവിതം സമ്പാദിക്കുന്നതിനുവേണ്ടിയാണ്.

അതിനാൽ, ഈ ഉദ്ദേശ്യസാഫല്യത്തിനായി ജമാഅത്തിൽ പ്രവേശിക്കുകയും ജമാഅത്തിൽ നിലകൊള്ളുകയും ചെയ്യുന്ന വ്യക്തി ഭാഗ്യവാനാണ്. ഇക്കാലത്ത് നബി(സ)തിരുമേനിയുടെ സത്യസന്ധനായ പ്രേമിയിൽ വിശ്വസിച്ചുകൊണ്ട് മരിച്ചവർ ജീവിക്കുന്ന ദൃശ്യങ്ങൾ കാണാനും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും വിളി കേൾക്കുന്നവരായിത്തീരാനും സന്ദർഭം കിട്ടിയ നമ്മൾ ഭാഗ്യവാന്മാരാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നബിയെന്ന് വിശ്വസിച്ചും മസീഹ് മഹ്ദിയെന്ന് വിശ്വസിച്ചുകൊണ്ടും നാം നൗഊദുബില്ലാഹ് നബി(സ)യുടെ പദവിയെ ഇകഴ്ത്തിക്കാണിക്കുന്നവരാണെന്നുള്ള ആക്ഷേപം

അടിമുടി അഹ്മദികളുടെമേലുള്ള ദോഷാരോപണമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നബി(സ)യുടെ സ്ഥാനം അതായത് എങ്ങനെയാണ് ആ മഹാത്മാവ് മരിച്ചവരെ ജീവിപ്പിച്ചത് എന്നത് വിവരിച്ചുകൊണ്ട് പറയുന്നു. "നൂറ്റാണ്ടുകളായി ബധിരരായി കഴിഞ്ഞിരുന്നവർക്ക് ശ്രവണശക്തി നല്കുന്നതിനായി ലോകത്തൊരു റസൂൽ വന്നു. അവർ പെട്ടെന്ന് ബധിരരായവരായിരുന്നില്ല. ആരാണ് അന്ധൻ? ആരാണ് ബധിരൻ? തൗഹീദിനെ സ്വീകരിക്കാത്തവൻതന്നെ! അടി മുതൽ മുടിവരെ പുതിയാതായ നിലയിൽ തൗഹീദിനെ സ്ഥാപിച്ച ആ റസൂലിനെ സ്വീകരിക്കാത്തവൻത്തന്നെ! അപരിഷ്കൃതരായ ജനതയെ മനുഷ്യരാക്കിത്തീർക്കുകയും മനുഷ്യരിൽനിന്ന് സംസ്കാരസമ്പന്നരായ മനുഷ്യരെ വാർത്തെടുക്കുകയും (*അതായത്, സത്യസന്ധതയുടേയും യഥാർത്ഥമായ ധാർമ്മികതയുടേയും നീതിപൂർവ്വകമായ കേന്ദ്രത്തിൽ അവരെ സ്ഥാപിക്കുകയും ഉന്നതവും മധ്യമനില ഉൾക്കൊള്ളുന്നതുമായ ധാർമ്മികതയുടെ അധ്യാപനം നബി(സ) അവർക്ക് നല്കുകയും ചെയ്തു. തൽഫലമായി അവർക്ക് എന്തെങ്കിലും രീതിയിലുള്ള അക്രമം ചെയ്യാനുള്ള വിചാരമേയുണ്ടായില്ല. മറിച്ച്, നീതി പാലിക്കാനും ന്യായം നടപ്പിൽ വരുത്താനും അടുത്തബന്ധുക്കളോടെന്നപോലെ അന്യരോട് പെരുമാറാനും അവർക്ക് കഴിഞ്ഞു.*) പിന്നീട് സംസ്കാരസമ്പന്നനായ മനുഷ്യനിൽ ദൈവികനിറം ചാർത്തി അവനെ ദൈവപ്രബുദ്ധനാക്കുകയും ചെയ്തു. ആ റസൂൽ മുഖേന തന്നെ, അതേ ആ സൂര്യൻ മുഖേനതന്നെ ആയിരക്കണക്കിന് മൃതന്മാർ ശിർക്കിൽനിന്നും നിരീശ്വരത്വത്തിൽനിന്നും കലഹങ്ങളിൽനിന്നും കുറ്റകൃത്യങ്ങളിൽനിന്നും രക്ഷപ്പെട്ട് ജീവിക്കാൻ തുടങ്ങി."

ഇതാണ് ആ പരിപൂർണ്ണനായ മനുഷ്യൻ. ആ മഹാത്മാവാണ് ഈ വിപ്ലവമുണ്ടാക്കിയത്. ആ പുണ്യാത്മാവിന്റെ സത്യസന്ധനായ ദാസനെ ഇക്കാലത്ത് തന്റെ യജമാനന്റെ ദാസത്വത്തിലൂടെ അല്ലാഹു മരിച്ചവരെ ജീവിപ്പിക്കാൻ വേണ്ടി അയച്ചു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നബി(സ)യുടെ പദവികൾ വിവരിച്ചുകൊണ്ട് മറ്റൊരിടത്ത് പറയുന്നു: "ലോകം മരിച്ചുകഴിഞ്ഞിരുന്നു എന്ന പ്രയോഗം കൊണ്ട് വിശുദ്ധഖുർആൻ നിറഞ്ഞുകിടക്കുകയാണ്. അല്ലാഹുതആല തന്റെ ഈ നബിയായ ഖാത്തുമുന്നബിയ്യീൻ(സ)യെ അയച്ചുകൊണ്ട് അടിമുടി പുതിയതായിട്ട് ലോകത്തെ ജീവിപ്പിച്ചു. '***ഇഅ്ലമൂ അന്നല്ലാഹ യുഹ്യിൽഅർളബഅ്ദ മൗത്തിഹ***' അതായത് നിങ്ങൾ കേട്ടുകൊള്ളുക. അല്ലാഹു ഭൂമിയെ അതിന്റെ നിർജ്ജീവാവസ്ഥയ്ക്കുശേഷം ജീവിപ്പിക്കുന്നു (57:18). പിന്നീട് നബി(സ)യുടെ സ്വഹാബത്തി(റ)നെ കുറിച്ച് പറയുന്നു. ***വ അയ്യദഹും ബിറൂഹിൻമിൻഹു*** അവർക്ക് റൂഹുൽഖുദുസുകൊണ്ട് സഹായം നല്കി. റൂഹുൽ ഖുദുസിന്റെ സഹായം എന്നു പറയുന്നത് മനസ്സുകളെ ജീവിപ്പിക്കുക എന്നതാണ്. ഈമാൻ കൈക്കൊണ്ടതിനുശേഷം അതിൽ ഉയർച്ച നല്കപ്പെടുന്നു. ആത്മീയമായ ദോഷങ്ങളിൽനിന്ന് മുക്തി നല്കുന്നു. പരിശുദ്ധമായ ശക്തികളും പരിശുദ്ധമായ ആഗ്രഹങ്ങളും പരിശുദ്ധമായ അറിവുകളും നല്കുന്നു. ദൃഢപരമായ ജ്ഞാനങ്ങളും ബുദ്ധിപരമായ പ്രമാണങ്ങളുംകൊണ്ട് അവരെ അല്ലാഹുവിന്റെ സാമീപ്യസ്ഥാനംവരെ എത്തിക്കുന്നു. ഈ ജീവനംകൊണ്ടല്ലാതെ മോക്ഷത്തിന്റെ അച്ചുതണ്ടായ പ്രസ്തുത ജ്ഞാനങ്ങൾ ദൃഢതരവും ഖണ്ഡിതവുമായ നിലയിൽ, ലഭിക്കുകയില്ല. അത് റൂഹുൽഖുദുസു മുഖേനയാണ് ലഭിക്കുന്നത്. ആ ആത്മീയജീവിതം നബി(സ)യെ പിൻപറ്റുന്നതിലൂടെ മാത്രമെ ലഭിക്കുകയുള്ളൂവെന്നത് വിശുദ്ധഖുർആന്റെ ഉറക്കെയുള്ള പ്രഖ്യാപനമാണ്. ഈ നബിയെ പിൻപറ്റാത്ത എല്ലാവരും ജീവച്ഛവങ്ങളാണ്. അവരിൽ ഈ ജീവനത്തിന്റെ ആത്മാവില്ല. ആത്മീയമായ ജീവനംകൊണ്ടുള്ള ഉദ്ദേശ്യം റൂഹുൽ ഖുദുസിന്റെ സഹായത്താൽ ജീവൻ പ്രാപിക്കുന്ന മനുഷ്യന്റെ ജ്ഞാനപരവും പ്രവർത്തനപരവുമായ കഴിവുകളാണ്."

ഹദ്റത്ത് മസീഹ് മൗഊദ്(അ) നബി(സ) തിരുമേനിയുടെ സ്ഥാനത്തേയും പദവിയേയും കുറിച്ച് പറഞ്ഞ വാക്കുകൾ, താൻ നബി(സ)ക്ക് സമനാണെന്ന് വിചാരിക്കുന്ന ഏതെങ്കിലുമൊരാൾ പറയുമോ? നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കിയ പാഠമനുസരിച്ച് ആത്മീയമായ ജീവനത്തിനുള്ള മാർഗ്ഗം അല്ലാഹുതആല നബി(സ)യെ ആക്കിയിരിക്കുന്നുവെന്ന് വിശ്വസിക്കുന്നവരാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നബി(സ)യുടെ സത്യസന്ധനായ പ്രേമിയും ഒരു നിസ്സാരദാസനുമാണ്. അദ്ദേഹത്തെ നബി(സ)ന് വിധേയനാക്കിക്കൊണ്ട് ഇക്കാലത്ത് മുസ്ലിംകൾക്കും അമുസ്ലിംകൾക്കും ജീവൻ നല്കുന്നതിനുവേണ്ടി അല്ലാഹു നിയോഗിച്ചതാണ്; അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും വിളിക്ക് ഉത്തരം പറഞ്ഞുകൊണ്ട് ആത്മീയ ജീവിതം സമ്പാദിക്കാനും തങ്ങളുടെ ആത്മീയതയെ പരിപോഷിപ്പിക്കാനും വേണ്ടി ജനങ്ങൾ ഈ ഇമാമിന്റെ കൈയിൽ വീണ്ടും സംഘടിക്കുന്നതിനായിട്ടാണ് അദ്ദേഹത്തെ അയച്ചിട്ടുള്ളത്.

തങ്ങൾ മുസ്ലിംകളാണെന്നും നബി(സ)യെ വിശ്വസിച്ചവരാണെന്നും അതുകൊണ്ട് മറ്റാരേയും വിശ്വസിക്കേണ്ട ആവശ്യമില്ലെന്നുമുള്ള മുസ്ലിംകളുടെ വാദം തെറ്റാണ്. ഈ ഇമാമിനെക്കുറിച്ച് വിശുദ്ധഖുർആനിൽ പ്രവചനമുണ്ട്. ഇദ്ദേഹത്തെക്കുറിച്ച് ഇദ്ദേഹം വന്നാൽ, തന്റെ സലാം പറയണമെന്ന് നബി(സ) തിരുമേനി വസിയ്യത്ത് ചെയ്തതാണ്. ഇദ്ദേഹത്തിൽ വിശ്വസിക്കേണ്ടത് എന്തായാലും നിർബന്ധമാകുന്നു. വിശ്വസിക്കാതെ ഈമാൻ പൂർത്തിയാവുകയില്ല. വിശ്വാസം പൂർത്തിയായെങ്കിലേ റൂഹുൽഖുദുസ്കൊണ്ട് സഹാ

യിക്കപ്പെട്ടവനെന്ന് ഒരു മുസ്‌ലിം പറയപ്പെടുകയുള്ളൂ.

ഈമാൻ പൂർത്തിയാക്കുന്നതിനും ആത്മീയജീവിതത്തിനും വേണ്ടി ഇക്കാലത്തെ ഇമാമിനെ വിശ്വസിക്കേണ്ടത് അനിവാര്യമാണ്, നിർബന്ധമാണ്. അല്ലാഹു, ***യാ അയ്യുഹല്ലദീന ആമനൂ ആമിനൂബില്ലാഹി വ റസൂലിഹീ***. അല്ലയോ വിശ്വസിച്ചവരേ, അല്ലാഹുവിലും റസൂലിലും വിശ്വസിക്കുക എന്നു പറഞ്ഞ കാര്യവും നാം ഓർക്കേണ്ടതാണ്. നിങ്ങൾ ആദ്യമേതന്നെ വിശ്വാസികളാണല്ലോ. പിന്നെന്തിനാണ് വിശ്വസിക്കാൻ പറഞ്ഞത്? കാരണം വിശ്വസിച്ചിരിക്കുന്നുവെന്ന മിക്കവരുടേയും വാദം വെറും പറച്ചിൽ മാത്രമാണ്. അതിനാൽ, വിശ്വസിച്ചവരേ, യഥാർത്ഥ മുഅ്മിൻ എന്നു പറയപ്പെടുന്നതിനായി നിങ്ങളുടെ മനസ്സിനെ നിങ്ങൾ ഈമാൻ കൊണ്ട് നിറയ്ക്കുക. ഇക്കാലഘട്ടത്തിൽ യഥാർത്ഥ മുഅമിൻ എന്നു പറയപ്പെടുന്നത് നബി(സ)യുടെ സത്യസന്ധനായ പ്രേമിയിലും വിശ്വസിക്കുന്നയാളേയായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ ഇക്കാലഘട്ടത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് എതിർപ്പുകൾ ഉയർന്നിരിക്കുന്നു. ഇങ്ങനെ എതിർക്കുന്നതിനു പകരം മുസ്‌ലിംകൾ ചിന്തിക്കേണ്ടതാണ്. ഈമാനിന്റെ കെട്ടുറപ്പിലേക്ക് വിളിക്കുന്നയാൾ ഈമാന് ജീവനം നല്കുന്നയാൾ എന്താണ് പറയുന്നത്, അദ്ദേഹത്തിന്റെ വാദമെന്താണ്? എന്ന് ചിന്തിക്കുക. തന്നെക്കുറിച്ച് അദ്ദേഹം സ്വയം പറയുന്നത് എന്താണെന്ന് നോക്കുക. അദ്ദേഹത്തിന്റെ സ്ഥാനമെന്താണ്? നബി(സ) തിരുമേനിക്ക് അദ്ദേഹം നല്കുന്ന പദവിയെന്താണ്? ആ മഹാത്മാവ് പറയുന്നു: "അത്യുന്നതനും മഹിമാവാനുമായ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു: ഞാൻ കാഫിറല്ല. ***ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി*** എന്നതാണ് എന്റെ വിശ്വാസം. ***ലാക്കിൻ റസൂലല്ലാഹി വ ഖാത്തമന്നബിയ്യീൻ*** എന്നതത്രെ ആ ദിവ്യാത്മാവിനെക്കുറിച്ചുള്ള എന്റെ ഈമാൻ. എന്റെ ഈ പ്രസ്താവന സത്യമാണെന്ന കാര്യത്തിൽ അല്ലാഹുവിന് എത്ര നാമങ്ങളുണ്ടോ, അത്രയും പ്രാവശ്യം വിശുദ്ധഖുർആനിൽ എത്ര അക്ഷരങ്ങളുണ്ടോ അത്രയും പ്രാവശ്യം നബിതിരുമേനിയുടെ ഉൽക്കൃഷ്ടതകൾ എത്രയുണ്ടോ അത്രയും പ്രാവശ്യം, അല്ലാഹുവിന്റെ പേരിൽ ഞാൻ സത്യം ചെയ്തുകൊള്ളുന്നു. അല്ലാഹുവിന്റേയും റസൂലിന്റേയും കല്പനയ്ക്ക് എതിരായിട്ട് ഞാനൊരു വിശ്വാസവും കൈകൊണ്ടിട്ടില്ല. അങ്ങനെ ആരെങ്കിലും കരുതുന്നുവെങ്കിൽ അതയാളുടെ തെറ്റുധാരണ മാത്രമാണ്. ഇനിയും എന്നെ ആരെങ്കിലും 'കാഫിർ' എന്നു വിശ്വസിക്കുകയും എന്നെ കാഫിറാക്കുന്നതിൽനിന്ന് പിന്മാറാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ മരണാനന്തരം അയാൾ തീർച്ചയായും ചോദിക്കപ്പെടുമെന്ന സംഗതി ഓർത്തുകൊള്ളട്ടെ. ഞാൻ പ്രതാപവാനായ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ടു പറയുന്നു, അല്ലാഹുവിലും റസൂലിലുമുള്ള എന്റെ വിശ്വാസം എന്താണെന്നുവച്ചാൽ ഇക്കാലത്തെ എല്ലാവരുടേയും വിശ്വാസം ത്രാസിന്റെ ഒരു തട്ടിൽ വയ്ക്കുകയും എന്റെ വിശ്വാസം മറ്റേത്തട്ടിൽ വയ്ക്കുകയും ചെയ്താൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഭാരിച്ച തട്ട് എന്റേതായിരിക്കും."

ഈ സത്യസന്ധനായ ദാസനെ നിഷേധിച്ചുകൊണ്ട്, സ്വന്തം വിശ്വാസം ബലഹീനമാക്കുന്നതിനു പകരം, സ്വന്തം ഈമാനെ പ്രോജ്വലിപ്പിക്കുന്നതിനായി, മരിച്ചുകിടക്കുന്ന സ്വന്തം ഹൃദയത്തെ ജീവിപ്പിക്കുന്നതിനായി ഈ കാലഘട്ടത്തിലെ ഇമാമിനെ വിശ്വസിക്കുക. അദ്ദേഹത്തിൽ വിശ്വസിക്കേണ്ടത് നിർബന്ധമാണ്. ഈ സത്യസന്ധനായ ദാസനെക്കുറിച്ച്, ഇന്നേക്ക് 1400 വർഷം മുമ്പേ, അല്ലാഹുവും അവന്റെ റസൂലും(സ) പ്രവചനം ചെയ്തിട്ടുള്ളതാണ്.

ഏതൊരു അവസ്ഥയെക്കുറിച്ച് മുസ്‌ലിംകൾ ഇന്നേയ്ക്ക് നൂറുവർഷം മുമ്പേ സങ്കടപ്പെട്ടുകൊണ്ടിരുന്നുവോ, ആ അവസ്ഥയിൽ എന്തെങ്കിലും മാറ്റം ഇന്ന് ഉണ്ടായിട്ടുണ്ടോ? ആ അവസ്ഥയിൽനിന്ന് എന്തെങ്കിലും ശ്രേഷ്ഠതയുണ്ടായിട്ടുണ്ടോ? അക്കൂട്ടർ നബി(സ)ന്റെ പ്രവചനം പുലരുന്നത് കാത്തിരിക്കുകയായിരുന്നു. തങ്ങളെ, നന്നാക്കിത്തീർക്കാനുള്ള ആ മഹാത്മാവിനെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. എന്നാൽ, ചിന്തിച്ചുനോക്കിയാൽ അതിനേക്കാൾ എത്രയോ ഇന്ന് ലോകം അധഃപതിച്ചിരിക്കുന്നതായിട്ട് കാണാം. അധഃപതിച്ചുകൊണ്ടേ പോകുകയാണ്. മുസ്‌ലിംകളുടെ അവസ്ഥ നോക്കുമ്പോൾ, അവർക്ക് ഭരണം ഉണ്ടായിട്ടും, സ്വതന്ത്രരായിത്തീർന്നിട്ടും അവർ കൂടുതൽ മോശമായിക്കൊണ്ടിരിക്കുകയാണ്. ആത്മീയമായ നിലയിൽ മരിച്ചുകൊണ്ടേ പോകുകയാണ്. ഇതിന്റെ കാരണമെന്താണ്? എന്തോ കുറവുണ്ടായിട്ടുണ്ടെന്നത് വളരെ വ്യക്തമാണ്. ആ കുറവ്, നബി(സ) സലാം ചൊല്ലാൻ പറഞ്ഞ വ്യക്തിക്ക് സലാം ചൊല്ലാതെ അദ്ദേഹത്തെ പതുക്കെ, പതുക്കെ എതിർക്കാൻ തുടങ്ങിയതാണ്. ആദ്യകാലങ്ങളിൽ ഒന്നും ഒറ്റയും മൗലവിമാരായിരുന്നു എതിർത്തിരുന്നത്, പിന്നീട് സംഘം ചേർന്ന് എതിർക്കാൻ തുടങ്ങി. ഇപ്പോൾ ഇസ്‌ലാമിക ഭരണകൂടങ്ങളും സംഘടിച്ചുകൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. പക്ഷേ, അല്ലാഹു കൊളുത്തിയ ദീപം, അതിനെ ഒരു എതിരാളിയുടേയും ഊത്തുകൊണ്ട് അണയ്ക്കാൻ കഴിയുകയില്ല. അല്ലാഹുവിന്റെ ഇഷ്ടത്തിന്നെതിരിൽ നടന്ന് സ്വന്തം ഇഹവും പരവും നശിപ്പിക്കുന്നതിനുപകരം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിക്കുകയാണ് വേണ്ടത്. അല്ലാഹു മനുഷ്യനും അവന്റെ ഹൃദയത്തിന്നുമിടയിൽ മറയായി നില്ക്കുന്നവനാണ്. അവനോടാണ് സഹായം ചോദിക്കേണ്ടത്. അവനോടാണ് ദുആ ചെയ്യേണ്ടത്. അല്ലാഹുവേ, നീ ***കുൻതും ഖയ്റ ഉമ്മത്തുൻ ഉഖ്രിജത്ത്ലിന്നാസ്*** എന്ന് പറഞ്ഞ ഉമ്മത്തിൽപ്പെട്ട ഞങ്ങൾ എല്ലാ സമുദായത്തേക്കാളും ശ്രേഷ്ഠരാണ്, ഞങ്ങൾ

ജനങ്ങളുടെ നന്മയ്ക്കായി സൃഷ്ടിക്കപ്പെട്ടവരാണ്. പക്ഷേ, ബാഹ്യമായി ആ അവസ്ഥ കാണാൻ കഴിയുന്നില്ല. സ്വന്തം അവസ്ഥ വളരെ മോശമായിക്കൊണ്ടിരിക്കുന്ന സമുദായം മറ്റുള്ളവരെ എന്തു നന്നാക്കാനാണ്. ഞാൻ പറഞ്ഞ ദുആ വേദനയോടുകൂടി ചെയ്തുകൊണ്ടിരുന്നാൽ, മുഷ്യന്റേയും അവന്റെ ഹൃദയത്തിന്റേയും ഇടയിൽ മറയായി നില്ക്കുന്ന അല്ലാഹു അത് കേൾക്കുന്നതാണ്. കാരണം അവൻ തന്നെയാണ് നേർപാതയിലൂടെ നയിക്കുന്നവൻ. പക്ഷേ, ഉമ്മത്തിന്റെ അധികഭാഗവും, തെറ്റായ പാതയിലൂടെ ചലിച്ചുകൊണ്ടിരിക്കുന്ന ഉലമാക്കളുടെ പിന്നാലെ നടക്കുകയാണ്. തങ്ങളുടെ മനസ്സിന്റെ ആത്മാർത്ഥത, അവരുടെ പിന്നാലെ നടന്ന് നഷ്ടപ്പെടുത്തുന്നു. ഈ ദുആയും ഇന്ന്, ഉമ്മത്തിനോടുള്ള സഹാനുഭൂതികൊണ്ടും നബി(സ)യുടെ അനുയായികളാണെന്ന് പറയുന്നവരോടുള്ള അനുകമ്പ കൊണ്ടും അവർക്കുവേണ്ടി ആരെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ, അത് നബി(സ)യുടെ സത്യസന്ധനായ പ്രേമിയുടെ ജമാഅത്തിൽപ്പെട്ടവർ മാത്രമാണ്.

നിങ്ങൾ തന്നെയാണ് ഈ ദുആ ചെയ്യേണ്ടത്. അല്ലാഹുവേ, ഇവരുടെ ഹൃദയത്തെ പരിശുദ്ധമാക്കിയാലും. ഇവരുടെ ഹൃദയം നിയന്ത്രിക്കുന്നവൻ നീ തന്നെയാണ്. എന്തുതന്നെയായാലും ഇക്കൂട്ടർ, ഞങ്ങളുടെ പ്രിയങ്കരനായ യജമാനൻ, ഹദ്റത്ത് മുസ്തഫാ (സ)യിൽ വിശ്വസിക്കുന്നവരെന്ന് പറയുന്നവരാണ്. ഇവർക്ക് നീ ബുദ്ധി നല്കിയാലും. കാരണം അവരുടെ നെഞ്ചകത്തുള്ളത് കാണുന്നവനും അവരുടെ ബുദ്ധിയ്ക്ക് വെളിച്ചം നല്കുന്നവനും നീയല്ലാതെ മറ്റാരുമില്ല. നിന്നെക്കൂടാതെ, ആർക്കുംതന്നെ ജീവിതമെന്തെന്നോ മരണമെന്തെന്നോ പറയാൻ കഴിയുകയില്ല. അല്ലാഹുവേ, വിശ്വസിക്കുന്നുവെന്ന് പറയുന്നതുകൊണ്ട് മാത്രം ജീവിതം കിട്ടുകയില്ലെന്ന് നീ തന്നെ അവർക്ക് പറഞ്ഞുകൊടുത്താലും. അല്ലാഹുവും അവന്റെ റസൂൽ(സ)ഉം ഏതൊന്നിലേക്ക് വിളിക്കുന്നുവോ, ഏതൊന്ന് ചെയ്യുവാൻ കല്പിക്കുന്നുവോ, അതിലേക്ക് പോകുമ്പോഴും അതനുസരിച്ച് പ്രവർത്തിക്കുമ്പോഴുമാണ് ജീവിതം ലഭിക്കുന്നത്. അല്ലാഹുവേ ഇവരുടെ ഹൃദയങ്ങളിൽ പറ്റിപ്പിടിച്ചിരിക്കുന്ന തുരുമ്പ് നീക്കം ചെയ്താലും, കാലത്തിന്റെ ഇമാമിനെ എതിർക്കുന്നതിനു പകരം, അവർക്ക് അദ്ദേഹത്തെ തിരിച്ചറിയാൻ തൗഫീഖ് നല്കിയാലും. ഇങ്ങനെ ദുആ ചെയ്യേണ്ടത് ഒരഹ്മദിയുടെ ഉത്തരവാദിത്തമാണ്. എന്നല്ല, നിർബന്ധകാര്യങ്ങളിൽപ്പെട്ടതാണ്. ഇല്ലെങ്കിൽ, നാം നമ്മുടെ കടമകൾ നിറവേറ്റുന്നവരാണെന്ന് പറയാൻ നമുക്ക് സാധ്യമല്ല.

ഈ നാമധാരികളായ ഉലമാക്കൾ, അഹ്മദിയ്യത്തിനെക്കുറിച്ച് തെറ്റായ കാര്യങ്ങൾ പറഞ്ഞുപരത്തി, ഭയാനകമായ അന്തരീക്ഷം സൃഷ്ടിച്ചിരിക്കുകയാണ്. പല സൽപ്രകൃതക്കാരുമുണ്ട്. അവർ അഹ്മദിയ്യത്തിന്റെ സത്യം മനസ്സിലാക്കി വിശ്വസിക്കുവാൻ ആഗ്രഹിക്കുന്നു. പക്ഷേ, തങ്ങളുടെ സമൂഹത്തെ ഭയന്നുകൊണ്ട്, മൗനംപാലിക്കുന്നു. പല സ്ത്രീകളും പുരുഷന്മാരും തന്റേടവും കാണിക്കാറുണ്ട്. അവർ അഹ്മദിയ്യത്ത് സ്വീകരിക്കുന്നു. അതിനുശേഷം ബന്ധുമിത്രാദികളിൽ നിന്നും സമൂഹത്തിൽനിന്നും പല പല അക്രമങ്ങളും സഹിക്കേണ്ടിയും വരുന്നു.

കഴിഞ്ഞദിവസം ഒരു റിപ്പോർട്ട് ലഭിച്ചിരുന്നു. ഒരു യുവാവ് അഹ്മദിയ്യത്ത് സ്വീകരിച്ചു. അദ്ദേഹത്തിന്റെ വീട്ടുകാർ അദ്ദേഹത്തെ കെട്ടിയിട്ട് മർദ്ദിച്ചു. ഒരുപാടു ദിവസം വീട്ടിൽ കെട്ടിയിട്ടു. കുറച്ചു ദിവസം മുമ്പേ സ്വിറ്റ്സർലാന്റിൽനിന്ന് ഒരു അറിയിപ്പ് വന്നിരുന്നു. നമ്മുടെ ഒരഹ്മദി അറിയിച്ചതാണിത്. അവിടെ ഒരു പാക്കിസ്ഥാനി ഉമ്മ, ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കാനാഗ്രഹിച്ചു. അവർ പാക്കിസ്ഥാനിലെ തന്റെ ബന്ധുമിത്രാദികളോടു ഇക്കാര്യം പറഞ്ഞപ്പോൾ പല കഥകളും അഹ്മദിയ്യത്തിനെക്കുറിച്ച് അവർക്ക് കേൾക്കാൻ കഴിഞ്ഞു. അത് കേൾക്കുമ്പോൾ അത്ഭുതം തോന്നുന്നു. അതിനൊന്നും അഹ്മദിയ്യത്തുമായിട്ട് വിദൂരബന്ധം പോലുമില്ല. ഇതെല്ലാം ആ നാമധാരികളായ ഉലമാക്കൾ പറഞ്ഞുപരത്തിയതിന്റെ സ്വാധീനമാണ്. അതൊക്കെ പറഞ്ഞ് പരത്താൻ അവർക്കവിടെ തുറന്ന അനുവാദമുണ്ട്. അഹ്മദിയ്യത്തിനെക്കുറിച്ച് എന്തു തോന്ന്യാസവും പ്രചരിപ്പിക്കാം. എന്നാൽ, അഹ്മദികളുടെമേൽ നിയന്ത്രണമുണ്ട്; അവർ വിശ്വസിക്കുന്ന യാഥാർത്ഥ്യം പ്രകടിപ്പിക്കാൻ അവർക്കനുവാദമില്ല. എന്നല്ല, അവരുടെ ഒരു അടുത്തബന്ധു പറഞ്ഞത്, അഹ്മദിയ്യത്ത് സ്വീകരിക്കുകയാണെങ്കിൽ വധിക്കപ്പെടാൻ തയ്യാറായിക്കൊള്ളുക എന്നാണ്. നീ അഹ്മദിയ്യത്ത് സ്വീകരിച്ചാൽ നിന്നെ ആദ്യം കൊല്ലുന്നത് ഞാനായിരിക്കും. ഇതാണവസ്ഥ. ഇതാണ് അവരുടെ ചിന്താഗതി.

ഇത് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവരുടെ പ്രവൃത്തിയാണോ? യുദ്ധാവസരത്തിൽ കലിമ ചൊല്ലിയ ഒരു എതിരാളിയെ വധിച്ചതിന്റെ പേരിൽ അല്ലാഹുവും അവന്റെ റസൂലും ഒരു മുസൽമാനോട് ദ്വേഷ്യപ്പെട്ട സംഭവം ഇവർ കേട്ടിട്ടില്ലേ? അല്ലാഹുവിന്റെ റസൂൽ, നീ അവന്റെ ഹൃദയം മുറിച്ചുനോക്കിയോ എന്ന് ആ മുസൽമാനോട് ചോദിച്ചില്ലേ? ആത്മാർത്ഥയോടെയാണോ, കാപട്യത്തോടെയാണോ അയാൾ കലിമ ചൊല്ലിയതെന്ന്.

ലോകത്ത് പലതരം ജനവിഭാഗങ്ങളുണ്ട്. അവരിൽ ബലഹീനരും ധൈര്യവാന്മാരും ഉണ്ട്. ബലഹീനർ ഭയപ്പെടുന്നു. പക്ഷേ, ധൈര്യവാന്മാർ അവരുടെ ധൈര്യം പ്രകടിപ്പിക്കുന്നു. ഒരുപാട് എതിർപ്പുണ്ടായിട്ടും തന്റേടമുള്ള ഒരുപാടാളുകൾ സത്യം സ്വീകരിക്കാറുണ്ട്. ഒരു അക്രമവും വകവയ്ക്കാത്ത ധാരാളം ധൈര്യവാന്മാരു

മുണ്ട്. ഫിർഔൻമാർക്ക് ധൈര്യത്തോടെ '***ഫഖ്ളി മാ അൻത ഖാളിൻ***' എന്ന് മറുപടി കൊടുക്കുന്നവർ ഭാഗ്യവാന്മാരാണ്. എന്താണോ നിനക്ക് ചെയ്യാൻ കഴിയുന്നത് ചെയ്തുകൊള്ളുക. ***ഇന്നമാ തഖ്ളീ ഹാദിഹിൽ ഹയാത്തദ്ദുൻയാ*** നിനക്ക് ഈ ഐഹികജീവിതം മാത്രമെ അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ (20:73).

ഇന്ന് പാക്കിസ്ഥാനിൽ ശഹീദാക്കപ്പെടുന്ന അഹ്മദികളുടേയും മറുപടി ഇതൊന്നുമാത്രമാണ്. വിശ്വാസത്തിൽ നിലകൊള്ളുന്ന ഓരോ അഹ്മദിയുടേയും മറുപടി ഇതുതന്നെയാണ്. പുതിയതായി ജമാഅത്ത് സ്വീകരിക്കുകയും കഠിനമായ ദ്രോഹങ്ങളെ നേരിടുകയും ചെയ്യുന്നവരോടും ഞാൻ പറയുന്നു, ദുആ മുഖേന അല്ലാഹുവിൽനിന്ന് സഹായം തേടുക. എപ്പോഴും ഈ മറുപടി കൊടുക്കുക. ***വല്ലാഹു ഖയ്റുൻവ്വ അബ്ഖാ*** അല്ലാഹു ഏറ്റവും ഉന്നതനും ശാശ്വതനുമാണ് (20:74). ശാശ്വതനും ഉന്നതനുമായിട്ടുള്ളവൻ, ശത്രുക്കളെ നേരിട്ടുകൊള്ളും. സൽക്കർമ്മങ്ങൾക്ക് പ്രതിഫലവും തരും. അവർ ജമാഅത്തിൽ ചേർന്നതുകൊണ്ട് അവർക്ക് ഉന്നതമായ പ്രതിഫലം കിട്ടും. ഞാൻ പറഞ്ഞതുപോലെ, അല്ലാഹു തെളിച്ചിട്ടുള്ള ദീപത്തെ, മനുഷ്യന്റെ ഊത്തിന് അണയ്ക്കാൻ കഴിയില്ല. അല്ലാഹു തന്റെ ഈ ദീപത്തിന്റെ വെളിച്ചം ജനങ്ങളുടെമേൽ ഇറക്കുന്നു. എങ്ങനെയെന്നാൽ, ലോകത്തുള്ള സകലശക്തിയും സംഘടിച്ചുകൊണ്ട് അതിനെ തടയാൻ ശ്രമിച്ചാലും അതിനെ തടയാൻ സാധിക്കുകയില്ല. അവൻ ജനഹൃദയങ്ങളിൽ ഇറക്കിയ ഈ പ്രകാശത്തെ തടുത്തുനിറുത്താൻ ഒരു ശക്തിക്കും സാധിക്കുകയില്ല.

ഒരുപാട് ബയ്അത്തുകൾ ഓരോ വർഷവും നടക്കുന്നു. സൽപ്രകൃതക്കാരായ നിരവധിയാളുകൾ ഹദ്റത്ത് അഹ്മദ്(അ)ന്റെ സത്യത വിളംബരം ചെയ്യുന്നു. മാനുഷികമായ ഒരു ശ്രമവും അതിന്റെ പിന്നിൽ ഉണ്ടാകുകയില്ല. അതായത് സന്ദേശം എത്തിക്കുന്നത് അല്ലാഹു നേരിട്ടാണ്. അവൻതന്നെ അവരുടെ ഹൃദയകവാടങ്ങൾ തുറക്കുന്നു. അവൻതന്നെ തന്റെ പ്രിയപ്പെട്ടവന്റെ, സത്യസന്ധനായ പ്രേമിയുടെ സത്യത വെളിപ്പെടുത്തുന്നു.

കഴിഞ്ഞദിവസം അറേബ്യൻരാജ്യത്തുനിന്ന് ഒരു റിപ്പോർട്ട് വന്നിരുന്നു. നന്മ കാംക്ഷിച്ചുകൊണ്ട് ഞാൻ അതിൽ പ്രതിപാദിച്ചിരിക്കുന്ന പേരുകളൊന്നും ഇപ്പോൾ പറയുന്നില്ല. ഈ കത്തെഴുതുന്നയാൾ പറയുന്നു: "ഈ ദിനങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സഹായിച്ചും തുണച്ചുംകൊണ്ടുള്ള വലിയ വ്യക്തമായ ദൃഷ്ടാന്തങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. സൽപ്രകൃതക്കാരുമായിട്ട് ബന്ധപ്പെടാൻ കഴിയുന്നു. പിന്നീടദ്ദേഹം പറയുന്നു. കുറച്ചുദിവസം മുമ്പേ ഒരു സുഹൃത്ത് നമ്മുടെ എം.ടി.എ സ്റ്റുഡിയോയുമായിട്ട് ബന്ധപ്പെട്ടിരുന്നു. (*അവിടെനിന്നാണ് ഈ കത്തെഴുതുന്നയാളെക്കുറിച്ച് അദ്ദേഹം മനസ്സിലാക്കിയതും പിന്നീട് ഇദ്ദേഹവുമായി ബന്ധപ്പെട്ടതും.*) നമ്മളുമായി ബന്ധപ്പെട്ട ആ വ്യക്തിയെക്കുറിച്ച് ഈ റിപ്പോർട്ട് തന്നയാൾ എഴുതുന്നു: ഇദ്ദേഹം ഒരു സാധാരണ പ്രകൃതക്കാരനാണ്. സൂഫിയാക്കളിൽപ്പെട്ടയാളുമാണ്. അദ്ദേഹം ഒരിക്കൽ ഒരു സ്വപ്നം കണ്ടു. താൻ ഇന്ത്യയിലെ ഒരു ഗ്രാമത്തിലാണ്. കുറച്ചു ദ്രോഹികൾ അദ്ദേഹത്തെ പിന്തുടരുന്നുണ്ട്. ഇത്രയുമായപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിന്റെ മുമ്പിൽ ആഗതനായി. എന്നല്ല, അദ്ദേഹത്തിന്റെ നെഞ്ചിനുള്ളിൽ പ്രവേശിച്ചു. പിന്നീടദ്ദേഹം കണ്ട അതേരൂപമായിരുന്നു അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേത്. ഇതിനുപുറമേയും നിരവധി തവണ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അദ്ദേഹം സ്വപ്നത്തിൽ സിയാറത്ത് ചെയ്തുകഴിഞ്ഞിരിക്കുന്നു. കുറച്ചു ദിവസം മുമ്പേ അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ) നെ നബി(സ) തിരുമേനിയുടെ രൂപത്തിലും സ്വപ്നം കണ്ടിരുന്നു. ഇപ്പോൾ അദ്ദേഹം പറയുന്നു, തനിക്കിനി ഒരു തെളിവിന്റേയും ആവശ്യമില്ലെന്ന്. കത്തെഴുതുന്നയാൾ പറയുന്നു ഞാൻ ഏതോ ഒരു കാര്യം അദ്ദേഹത്തോട് വിശദീകരിക്കാൻ തുനിയുമ്പോൾ അദ്ദേഹം എന്നെ തടഞ്ഞുകൊണ്ട് പറഞ്ഞു, എന്റെ ഈമാൻ എന്റെ മനസ്സിൽ തറച്ചുകഴിഞ്ഞിരിക്കുകയാണ്. ഇനി എനിക്ക് ഒരു തരത്തിലുള്ള തെളിവുകളും ആവശ്യമില്ല.

അദ്ദേഹം തുടർന്നെഴുതുന്നു. രണ്ടു ദിവസം മുമ്പേ ഒരു ചെറുപ്പക്കാരൻ ഫോൺ ചെയ്ത് കൂടിക്കാഴ്ചയ്ക്കുള്ള സമയം ചോദിച്ചു. അദ്ദേഹവുമായി സംസാരിക്കാൻ ഒരു പഴയ അഹ്മദിയോടൊപ്പം ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ പോയി. അപ്പോൾ ആ ചെറുപ്പക്കാരന്റെ പിതാവും ഉണ്ടായിരുന്നു. അദ്ദേഹം സൂഫി ജമാഅത്തുമായി ബന്ധപ്പെട്ടയാളാണ്. അദ്ദേഹവുമായി സംസാരിക്കാൻ തുടങ്ങിയപ്പോൾ അദ്ദേഹം പറഞ്ഞു: "ഇരുപതുവർഷം മുമ്പേ ഞാൻ നബി(സ)യുടെ ഒരു ഫോട്ടോ ഭിത്തിയിൽ തൂക്കിയിട്ടിരിക്കുന്നത് സ്വപ്നം കണ്ടിരുന്നു. ഇപ്പോൾ എം.ടി.എയുടെ സ്റ്റുഡിയോയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോ കണ്ടപ്പോൾ അത് അന്ന് കണ്ട അതേ ഫോട്ടോയാണെന്ന് എനിക്ക് മനസ്സിലായി.

ഇതാണ് നബി(സ)യുടെ സത്യസന്ധനായ പ്രേമിയുടെ അടയാളം. താൻ ജമാഅത്തിന്റെ വിശ്വാസാദർശങ്ങളെ അംഗീകരിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ഒരിക്കൽ ആരുടെയോ ഒരു ഡിഷ് ആന്റിന അദ്ദേഹം സെറ്റ് ചെയ്യുകയായിരുന്നു. ചാനൽ പിടിക്കുമ്പോൾ ആദ്യം അദ്ദേഹത്തിന്റെ മുന്നിൽ തെളിഞ്ഞ ചിത്രം ഈ കത്തെഴുതുന്ന നമ്മുടെ സഹോദരന്റേതായിരുന്നു. അതായത്, നമ്മുടെ അറബി പരിപാടികളിൽ അദ്ദേഹത്തെ ആ വ്യക്തി കാണാറുണ്ട്. അപ്പോൾ ഞാൻ മുഖേന അദ്ദേഹത്തിന് സന്ദേശം എത്തുമെന്ന് അദ്ദേഹം മനസ്സിലാ

ക്കുകയും അങ്ങനെ അദ്ദേഹം ബയ്അത്ത് ചെയ്യുകയും ചെയ്തു.

ഈ കൂടിക്കാഴ്ചയ്ക്കിടെ ഒരു ഫോൺ വന്നു. ടെലിഫോൺ ഡയറക്ടറിയിൽനിന്ന് അദ്ദേഹം ഫോൺ നമ്പറെടുത്ത് എന്റെ വീട്ടിലേക്ക് വിളിച്ചാണ് മൊബൈൽ നമ്പർ കരസ്ഥമാക്കിയത്. എന്നെ കാണാൻ അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു. അങ്ങനെ ഞങ്ങൾ കണ്ടുമുട്ടിയപ്പോൾ അദ്ദേഹം വിദ്യാസമ്പന്നനാണെന്ന് എനിക്കു മനസ്സിലായി. ബേറൂത്തിൽനിന്ന് ഡിഗ്രിയെടുത്ത ശേഷം പട്ടാളത്തിൽ ഓഫീസറായി. എയർഫോഴ്സിൽ സൗദി അറേബ്യയിലും ജോലി ചെയ്തു. അദ്ദേഹത്തിന് പുസ്തക വായന വളരെ താല്പര്യമാണെന്ന് അദ്ദേഹം പറഞ്ഞു. പ്രത്യേകിച്ച് ആത്മീയകാര്യങ്ങൾ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ. ജമാഅത്തിനെക്കുറിച്ച് മുമ്പേയുണ്ടായിരുന്ന തന്റെ ധാരണകളെ അദ്ദേഹം ഇപ്പോൾ പഴിക്കുകയാണ്. എതിരാളികളുടെ ഗ്രന്ഥങ്ങൾ വായിച്ച് അഹ്മദിയ്യാ ജമാഅത്ത് കാഫിറാണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. കാരണം അദ്ദേഹം ശ്രമിച്ചെങ്കിലും നമ്മുടെ ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ അദ്ദേഹത്തിന് കിട്ടിയില്ല. ഇപ്പോൾ നമ്മുടെ ചാനൽ പരിപാടികൾ മുടങ്ങാതെ അദ്ദേഹം കാണുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യത അദ്ദേഹത്തിന്റെ മനസ്സിൽ പതിഞ്ഞുകഴിഞ്ഞിരിക്കുന്നു. ആത്മീയവിഷയങ്ങൾ അറിയുന്ന കാരണത്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിലുള്ള ആത്മീയവിഷയങ്ങൾ അദ്ദേഹത്തിന് എളുപ്പം മനസ്സിലാക്കാൻ കഴിയുന്നു. അത് രുചിയോടെ ആസ്വദിക്കുകയും ചെയ്യുന്നു. അദ്ദേഹം പറയുന്നു "അത്തരം വാക്കുകൾ ഒരു കള്ളവാദിയുടെ വായിൽ നിന്നും ഒരിക്കലും പുറത്തുവരികയില്ല. ഈ വാക്കുകളെല്ലാം ദൈവപ്രബുദ്ധന്റേതാണ്." ഈ റിപ്പോർട്ട് നല്കുന്ന നമ്മുടെ സഹോദരൻ പറയുന്നു, "മുമ്പേ പലയാളുകളും ചർച്ചയ്ക്ക് വരികയും ആരോപണങ്ങൾ ഉന്നയിക്കുകയും തെളിവുകളും പ്രമാണങ്ങളും ചോദിക്കുകയും ചെയ്യാറുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ അതിനു വിരുദ്ധമായി കാറ്റടിക്കാൻ തുടങ്ങിയിരിക്കുകയാണ്. സംസാരിക്കുന്നവരെല്ലാം നമ്മളുമായി യോജിക്കുന്നവരാണ്. അവരിൽ പലർക്കും അല്ലാഹു ആദ്യമേതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പരിചയപ്പെടുത്തിക്കൊടുത്തിട്ടുണ്ട്." സർവ്വതും അല്ലാഹുവിൽ സമർപ്പിച്ച് അവന്റെ മുമ്പിൽ കുനിയുകയും പ്രാർത്ഥിക്കുകയും ചെയ്താൽ അവൻ തീർച്ചയായും മാർഗ്ഗദർശനം നല്കുന്നതാണ്.

നമ്മളും ഇവരുടെയെല്ലാം സന്മാർഗ്ഗപ്രാപ്തിക്കായി ഒരുപാട് ദുആ ചെയ്യേണ്ടതുണ്ട്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത വാഗ്ദാനമനുസരിച്ച് അവൻ എല്ലാ ദിവസവും അവന്റെ സഹായത്തിന്റേയും തുണയുടേയും ദൃശ്യങ്ങൾ ആ മഹാത്മാവിനെ കാണിച്ചുകൊണ്ടിരുന്നു. പക്ഷേ, ഞാൻ പറഞ്ഞതുപോലെ, ഈ ഹൃദയങ്ങളെ പരിശുദ്ധമാക്കാൻ നിങ്ങൾക്ക് എന്തൊക്കെ ചെയ്യാൻ കഴിയുമോ അതൊക്കെ നിറവേറ്റേണ്ടത് നിങ്ങളുടെ ബാധ്യതയാണ്. അല്ലാഹുവിന്റെ ഈ ഫയൽവാനുമായി ബന്ധപ്പെട്ടിരിക്കുന്നവർക്ക് വിധിക്കപ്പെട്ട പ്രതിഫലത്തിന് ഭാഗഭാക്കാകുന്നതിന് അതനിവാര്യമാണ്. ഈ ഉദ്ദേശ്യവും ഓരോ അഹ്മദിയും മനസ്സിലാക്കിയിരിക്കണം. നന്മയുടേയും ഭക്തിയുടേയും ഉയർന്ന പദവിക്കായുള്ള അന്വേഷണത്തിൽ ഓരോ അഹ്മദിയും മുഴുകേണ്ടതാണ്. എപ്പോഴും ഇക്കാര്യം മുന്നിൽ കാണേണ്ടതാണ്. ഇതായിരിക്കണം നിങ്ങളുടെ ലക്ഷ്യം. ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട് ഏതൊരു ജീവിതം പ്രാപിക്കുമെന്നാണോ നമ്മൾ വാദിച്ചിട്ടുള്ളത് അതിന്റെ അടയാളം യഥാർത്ഥത്തിൽ നമ്മുടെ ജീവിതത്തിൽ കാണുന്നുണ്ടോ? തന്നെ വിശ്വസിച്ചവരിൽ കാണാൻ ആഗ്രഹിച്ച മാറ്റം യഥാർത്ഥത്തിൽ നമ്മളിലുണ്ടോ? ആ മഹാത്മാവ് പറയുന്നു. ഈ ജമാഅത്ത് രൂപീകരിച്ചതുകൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നത് കളഞ്ഞുപോയ മഅ്രിഫത്തിനെ– ദൈവികജ്ഞാനത്തെ ഈ ജമാഅത്ത് മുഖേന പുനഃസ്ഥാപിക്കുക എന്നതാണ്.

ആ കളഞ്ഞുപോയ മഅ്രിഫത്തിനെ സ്ഥാപിക്കാൻ നമുക്ക് നമ്മുടെ കർമ്മങ്ങൾ ശ്രദ്ധിക്കേണ്ടതായിവരും. നമ്മൾ നമുക്കുവേണ്ടി അധികമധികമായി ദുആ ചെയ്യേണ്ടിവരും. അതിനോടൊപ്പം ഈ കളഞ്ഞുപോയ മഅ്രിഫത്ത് ജനങ്ങൾക്ക് എത്തിച്ചുകൊടുക്കാനും ഏർപ്പാട് ചെയ്യേണ്ടിവരും. നമ്മുടെ ചുറ്റുവട്ടത്തുള്ള ജനങ്ങൾക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം എത്തിച്ചുകൊടുക്കണം. ഇക്കാലഘട്ടത്തിൽ മഅ്രിഫത്തിന്റെ മധുരപാനീയം വിതരണം ചെയ്യാൻ അല്ലാഹു കൊടുത്തിട്ടുള്ളത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈയിലാണ്. തന്നിലേക്ക് വരാനും, അതിൽനിന്ന് അനുഗ്രഹം തേടാനും, നിത്യജീവിതം കരസ്ഥമാക്കാനും ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മോട് വിളിച്ചുപറയുന്നു. അദ്ദേഹം പറയുന്നു:

"ഞാൻ സത്യമായും സത്യമായും പറയുന്നു. യേശുമസീഹിന്റെ കൈയാൽ ജനിച്ചവർ മരിച്ചുപോയി. എന്നാൽ, ആരാണോ എനിക്ക് നല്കപ്പെട്ട ഈ മധുരപാനീയത്തിൽനിന്ന് കുടിക്കുന്നത് അവൻ ഒരിക്കലും മരിക്കുകയില്ല. ജീവൻ പ്രദാനം ചെയ്യുന്ന ഞാൻ പറയുന്ന കാര്യങ്ങളും, എന്റെ വായിൽനിന്ന് പുറത്തുവരുന്ന യുക്തിപരമായ കാര്യങ്ങളും മറ്റാർക്കെങ്കിലും ഇതുപോലെ പറയാൻ സാധിക്കുകയാണെങ്കിൽ ഞാൻ അല്ലാഹുവിൽനിന്നുള്ളവനല്ലെന്ന് മനസ്സിലാക്കിക്കൊള്ളുക. പക്ഷേ, ഈ ഹിക്മത്തും മഅ്രിഫത്തും മരിച്ചുകിടക്കുന്ന മനസ്സുകൾക്ക് ജീവജലമാണ്. അത് മറ്റെവിടെനിന്നും കിട്ടുന്നില്ലെങ്കിൽ നിങ്ങളുടെ പക്കൽ ആ കുറ്റത്തിന് ഒരൊഴികഴിവുമുണ്ടാവുകയില്ല. ആകാശത്ത് തുറക്കപ്പെട്ട ഈ നീരുറവിനെ നിഷേധിച്ച കുറ്റത്തിന് നിങ്ങൾക്ക് ഒരു കാരണവും ബോധിപ്പിക്കാനാവുകയി

ല്ല. ഭൂമിയിൽ അതിനെ തടഞ്ഞുനിറുത്താനും ആർക്കും സാധ്യമല്ല.

ഇതിനുവേണ്ടി ഓരോ അഹ്മദിയും ശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം എത്തിക്കുന്നതിനുവേണ്ടി കഴിവിന്റെ പരമാവധി പരിശ്രമിക്കുക. പക്ഷേ, സത്യവിശ്വാസിയുടെ ഒരു പ്രവർത്തനവും പ്രാർത്ഥന കൂടാതെ ലക്ഷ്യംപ്രാപിക്കുകയില്ലെന്ന കാര്യം നല്ലവണ്ണം ഓർക്കണം. റമദാനിലെ ഈ നാളുകൾ അല്ലാഹു അവന്റെ അനുഗ്രഹത്താൽ നമുക്ക് നല്കിയിരിക്കുകയാണ്. ഇതിന്റെ അവസാനത്തെ പത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഇതിൽ നാം ചെയ്യേണ്ട പ്രധാനപ്പെട്ട ദുആ ഞാൻ പറഞ്ഞതുതന്നെയാണ്. അങ്ങനെ ദുആ ചെയ്താൽ നമ്മുടെ മറ്റ് ദുആകളും അല്ലാഹു സ്വീകരിക്കും. ഇൻശാഅല്ലാഹ്. തന്റെ സൃഷ്ടികൾക്കുവേണ്ടിയും നബി(സ) തിരുമേനിയുടെ ഉമ്മത്തിന്റെ ഹിദായത്തിനുവേണ്ടിയും നമ്മൾ സങ്കടത്തോടെ പ്രാർത്ഥിക്കുന്നത് അല്ലാഹു കാണുമ്പോൾ, ദീനിന്റെ പ്രചാരണത്തിന് നമ്മൾ ആവേശം കാണിക്കുകയും, ആ ഉദ്ദേശ്യസാഫല്യത്തിനുവേണ്ടി നിരന്തരം പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ, തീർച്ചയായും നമ്മുടെ മറ്റാവശ്യങ്ങളും അവന്റെ വാഗ്ദാനമനുസരിച്ച് അവൻ നമുക്ക് പൂർത്തിയാക്കിത്തരും.

റമദാനിലെ അവസാനത്തെ അവശേഷിക്കുന്ന ഈ നാളുകളിൽ നമ്മുടെ ആത്മാവിനെ എല്ലാത്തരം ദോഷങ്ങളിൽനിന്നും അകറ്റി ജീവിപ്പിക്കുന്നതിനും ആത്മീയമായ ജീവനത്തിനുമായി പ്രത്യേകമായും ദുആകളിൽ മുഴുകുക. എന്നാൽ, തീർച്ചയായും എല്ലായിടത്തും ഒരു വലിയ വിപ്ലവമുണ്ടാകുന്നത് നിങ്ങൾക്ക് കാണാൻ കഴിയും.

ഞാൻ പറഞ്ഞതുപോലെ, അല്ലാഹു സത്യമായ സ്വപ്നങ്ങൾ മുഖേന തന്റെ മസീഹിന്റെ ആഗമം ലോകത്തെ അറിയിച്ചുകൊണ്ടിരിക്കുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ കാഴ്ച നമ്മൾ കാണുന്നു. സൽപ്രകൃതക്കാരായവർ അത് സ്വീകരിക്കുന്നു. വാസ്തവത്തിൽ ഇത് 1400 വർഷങ്ങൾക്കു മുമ്പേ അല്ലാഹുവിൽ വിലയം പ്രാപിച്ച ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ പ്രാർത്ഥനാഫലം തന്നെയാണ്. ലക്ഷക്കണക്കിന് മൃതന്മാരെയാണ് അല്ലാഹു ആ മഹാത്മാവ് മുഖേന ജീവിപ്പിച്ചത്. ഇന്ന് ആ നബി(സ)യുടെ സത്യസന്ധനായ പ്രേമിയുടെ കാലവും ആ ദുആകളിൽനിന്ന് അനുഗ്രഹം പ്രാപിച്ചുകൊണ്ടിരിക്കുന്നു. ഇത് നബി(സ)യുടെ ഈ സത്യസന്ധനായ ദാസനുവേണ്ടി ആ മഹാത്മാവ് അന്ന് ചെയ്ത പ്രാർത്ഥനയുടെ ഫലമാണ്.

യഥാർത്ഥത്തിൽ ഈ കാലവും നബി(സ)തിരുമേനിയുടെതന്നെ കാലമാണ്. ആ മഹാത്മാവിന്റെ കാലം അദ്ദേഹം വെളിപ്പെട്ട കാലംമുതൽ ലോകാവസാനം വരെ നിലനില്ക്കുന്നതാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതിയിട്ടുണ്ട്. മറ്റുള്ളവരെ ജീവിപ്പിക്കുന്നതിനായിട്ടുള്ള നമ്മുടെ പരിശ്രമം വിജയം കാണുകയാണെങ്കിൽ അത് നമ്മുടെയൊന്നും മഹത്വമല്ലെന്ന് മനസ്സിലാക്കുക. യജമാനന്റെ ദാസനോട് അല്ലാഹു ചെയ്ത വാഗ്ദാനത്തിന്റെ പുലർച്ചയാണത്. നമ്മുടെ പ്രാർത്ഥന സ്വീകരിക്കുകയാണെങ്കിൽ അത് അവന്റെ നബിയോടും അദ്ദേഹത്തിന്റെ സത്യസന്ധനായ പ്രേമിയോടും അവൻ ചെയ്ത വാഗ്ദാനത്തിന്റെ ഫലമായിരിക്കും. അതിൽനിന്ന് നമ്മളും അനുഗ്രഹം പ്രാപിക്കുന്നുവെന്നേയുള്ളൂ.

ഇസ്‌ലാമിന്റെ വിജയത്തിനും മുസ്‌ലിം ഉമ്മത്തിന്റെ ആത്മീയമായ ജീവനത്തിനും അവർ ആത്മീയസ്ഥാനം ആർജ്ജിക്കുന്നതിനും നമ്മുടെ ആത്മീയമായ ഉന്നമനത്തിനും ഉന്നതമായ ലക്ഷ്യപ്രാപ്തിക്കുംവേണ്ടി ഒരുപാട് പ്രാർത്ഥിക്കുക. അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 5.10.2007 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala